**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 91** **16-09-2025 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ ലൈംഗിക അതിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ ലൈംഗിക അതിക്രമങ്ങൾ ഉൾപ്പെടെ എത്ര ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഈ സംഭവങ്ങളിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളവ, പ്രതികളെ പിടികൂടിയിട്ടുള്ളവ, പ്രതികളെ ശിക്ഷിച്ചിട്ടുള്ളവ, പ്രതികളെ കുറ്റവിമുക്തരാക്കിയിട്ടുള്ളവ എന്നിവ സംബന്ധിച്ച വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കുമോ? | (എ) | ജനങ്ങളോടുള്ള പോലീസ് സമീപനത്തിൽ വന്ന മാറ്റം, പോലീസിന്റെ അന്വേഷണത്തിൽ വന്ന വിശ്വാസം, കുറ്റവാളികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിൽ സ്വീകരിച്ച വിട്ടുവീഴ്ചയില്ലാത്ത സമീപനം എന്നീ കാരണങ്ങളാലും, കേസുകൾ ശാസ്ത്രീയ മാർഗത്തിലൂടെ മതിയായ തെളിവുകൾ ശേഖരിച്ച് കോടതിയിൽ എത്തിക്കുന്നതിലും, അവയിൽ കുറ്റവാളികൾക്ക് അർഹമായ ശിക്ഷ ലഭിച്ചു എന്ന് ഉറപ്പാക്കുന്നതിലും പ്രതിജ്ഞാബദ്ധമായ സമീപനമാണ് സർക്കാർ സ്വീകരിച്ചത്. അത് ജനങ്ങളിൽ പോലീസിലുള്ള വിശ്വാസം വർദ്ധിപ്പിക്കുകയുണ്ടായി എന്ന് കണക്കുകൾ കാണിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ